## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**[ഹാജർ: അബുൽകലാം.എം]**

വിഷയം: തൊഴിൽ വകുപ്പ് - ഭരണനിർവ്വഹണം - ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

വായന:

1. സ.ഉ(സാധാ) നമ്പർ 945/2020/തൊഴിൽ തീയതി 24.09.2020.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 05.10.2020-ലെ ഇ2/4388/20-ാം നമ്പരായുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 19.11.2020-ലെ ഇ1/3537/20-ാം നമ്പരായുള്ള ലേബർ കമ്മീഷണറുടെ നടപടിക്രമം.
4. 18.12.2020-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇ2/5175/18-ാം നമ്പരായുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

---

**ഉത്തരവ് നമ്പർ. ഇ(2) 5175/2018 തിരുവനന്തപുരം, തീയതി: 22.12.2020**

---

എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. പി.എം.ഫാത്തിമയ്ക്ക് വായന(1) ഉത്തരവ് പ്രകാരം കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആയി അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വായന(2) ഉത്തരവ് പ്രകാരം ടിയാരിയെ 05.10.2020 അപരാഹ്നത്തിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തു.

2. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ വെൽഫെയർ വിഭാഗം ജൂനിയർ സൂപ്രണ്ട് ശ്രീമതി.മിനിരവി (ഹയർ ഗ്രേഡ്) യ്ക്ക് സീനിയർ സൂപ്രണ്ടായി വായന(3) ഉത്തരവ് പ്രകാരം തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിയമിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വായന(4) പ്രകാരം ശ്രീമതി.മിനിരവിയെ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും 18.12.2020 അപരാഹ്നത്തിൽ വിടുതൽ ചെയ്തു.

3. മേൽ അന്യത്രസേവനവും സ്ഥാനക്കയറ്റവും നൽകിയതു വഴി ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ 28(ബി) (ii) പ്രകാരം 30700-65400 ശമ്പള സ്കെയിലിൽ റെഗുലർ ബേസിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീ.അനിൽകുമാർ.കെ.കെ പെൻ.നം.363503 ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, വയനാട് | ജൂനിയർ സൂപ്രണ്ട്, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, എറണാകുളം | എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഫാത്തിമ.പി.എം ന് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആയി അന്യത്ര സേവനം ലഭിച്ചതു വഴിയുണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |
| 2 | ശ്രീമതി.അമ്പിളി.എസ്, പെൻനം. 492799, ഹെഡ് ക്ലാർക്ക് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, പത്തനംതിട്ട | ജൂനിയർ സൂപ്രണ്ട്, ലേബർ കമ്മീഷറുടെ കാര്യാലയം, തിരുവനന്തപുരം | ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ വെൽഫെയർ വിഭാഗം ജൂനിയർ സൂപ്രണ്ട് ശ്രീമതി മിനിരവിയ്ക്ക് സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിയമിച്ചതുവഴിയുണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു |

മേൽ സ്ഥാനക്കയറ്റം അനുവദിച്ചതുവഴി വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ താഴെപറയുംപ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ഹെഡ്ക്ലാർക്ക് | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീ.ജീസസ് വിൻ ജോൺസൺ പെൻനം.230514, ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, കാസർഗോഡ് | ഹെഡ് ക്ലാർക്ക് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, പത്തനംതിട്ട | പത്തനംതിട്ട ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി അമ്പിളി.എസ്-ന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയത് വഴിയുണ്ടായ ഒഴിവിൽ ഹെഡ്ക്ലാർക്കായി നിയമിക്കുന്നു. |

നിയന്ത്രണാധികാരികൾ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കേണ്ടതും ചുമതലാക്രമീകരണം നടത്തി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ടവർക്ക്

പകർപ്പ്:-

1) പി.എ റ്റു ലേബർ കമ്മീഷണർ
2) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, എറണാകുളം, കോഴിക്കോട്
3) ജില്ലാ ലേബർ ഓഫീസർ, പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ്, വയനാട്
4) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
5) സീനിയർ സൂപ്രണ്ട് (ഇ)
6) ജൂനിയർ സൂപ്രണ്ട് (ഇ, ഡബ്ല്യു)
7) ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സീനിയർ സൂപ്രണ്ട് (ഇ)

ബിആർ 21.12.20